"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീ.മനോജ്കുമാർ അക്കോട്ടിലം, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കരിയർ അഡ്വാൻസ്മെന്റ് പദ്ധതി പ്രകാരം രണ്ടാം നോൺ കേഡർ സ്ഥാനക്കയറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്

G.O.(Rt)No.2003/2021/LSGD തീയതി,തിരുവനന്തപുരം, 16/10/2021

പരാമർശം:- 1. സ.ഉ(പി)നം.536/2012(116)/ധന തീയതി 29.09.2012

2. തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 24.09.2021 -ലെ ഇ1/9325/2012/സി.ഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.മനോജ്കുമാർ അക്കോട്ടിലത്തിന് കരിയർ അഡ്വാൻസ്മെന്റ് പദ്ധതി പ്രകാരം രണ്ടാം നോൺ കേഡർ സ്ഥാനക്കയറ്റം 29.03.2021 പൂർവ്വാഹ്നം മുതൽ അനുവദിക്കണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

29.03.2006പൂർവ്വാഹ്നത്തിൽ അസി.എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച ശ്രീ.മനോജ്കുമാർ അക്കോട്ടിലം 28.03.2021-ന് 15 വർഷത്തെ മൊത്തം സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ടിയാന് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് ഇതുവരെയും അനുവദിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.മനോജ്കുമാർ അക്കോട്ടിലത്തിന് കരിയർ അഡ്വാൻസ്മെന്റ് പദ്ധതി പ്രകാരം 29.03.2021 തീയതി പ്രാബല്യത്തിൽ 95600-153200/- രൂപ ശമ്പള സ്കെയിലിൽ, കെ. എസ്. ആർ ഭാഗം I ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യത്തോടെ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാം നോൺ കേഡർ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T Mayo Bhaskar
Under Secretary

പകർപ്പ് :

1. ശ്രീ.മനോജ്കുമാർ അക്കോട്ടിലം, അസി. എക്സി. എഞ്ചിനീയർ (*ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 20-10-2021 11:37:59
സെക്ഷൻ ഓഫീസർ
Reason: Approved